കേരള സർക്കാർ

# ഒക്കൽ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി2)1922/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 22-11-2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒക്കൽ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ.ഇകെഎം(പി2)1922/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 22-11-2017

.

## എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 04.11.2016 മുതൽ 26.09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. വിജയകുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.09.2017 മുതൽ 09.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പോളി ടി.ഒ.,<br>ഓഡിറ്റ്ഓഫീസർ |
| | ശ്രീ. ഷഫീക്ക് .എം,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.പ്രസാദ്.പി.ജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മേഴ്സി ജോർജ്ജ് | 01.04.16 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.യു.അബ്ദുൾ ഹക്കീം | 01.04.16 മുതൽ 31.03.17 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ. അനിൽ അബ്രഹാം | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. ജെസ്സി എ. എസ് | 01.04.2016 | 04.10.2016 |
| | ഡോ. രഞ്ചു ആന്റണി | 05.10.2016 | 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി . പ്രതിഭ മത്തായി | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ. അനിത. ആർ കൃഷ്ണ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം). | ഡോ. അനുരാധ. എ..ആർ | 01.04.2016 | 18.05.2016 |
| | ഡോ. ബിന്ദു തോമസ് | 19.05.2016 | 25.05.2016 |
| | ഡോ. അനുരാധ. എ..ആർ | 26.05.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ ഹോമിയോ) | ഡോ. ഡയാന മോൾ | 01.04.2016 | 31.03.2017 |
| ഹെഡ്മാസ്റ്റർ | ശ്രീ.ശശി. പി.എം | 01.04.2016 | 06.06.2016 |
| | ശ്രീ. യു. അലിയാർ | 07.06.2016 | 31.03.2017 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ഗേളി മേരി ജോർജ്ജ് | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജാസ്മിൻ. പി | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ.വി. സുബ്രമണ്യൻ | 01.04.2016 | 02.01.2017 |
| | ശ്രീ. ടി.ജി. മധുസൂധനൻ | 03.01.2017 | 31.03.2017 |
| ഡയറി ഫാംഇൻസ്ട്രക്ടർ | ശ്രീമതി. സഹീറ എം.എ | 01.04.2016 | 31.03.2017 |

<u>ഉള്ളടക്കം</u>

.

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-12 |
| | ഭാഗം 2 | |
| 13 | ലേലനടപടികളിലെ അപാകതകൾ - 45,500/- രൂപ നഷ്ടം | 2-1 |
| 14 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം | 2-2 |
| 15 | ഡി & ഓ ലൈസൻസ് - അപാകതകൾ | 2-3 |
| 16 | വസ്തുനികുതി നിർണ്ണയം-അപാകതകൾ | 2-4 |
| | ഭാഗം 3 | |
| 17 | വാട്ടർ ടാങ്ക് വിതരണം (എസ്.സി)- പദ്ധതി അപാകതകൾ | 3-1 |
| 18 | സാക്ഷരതാ പ്രേരകിന് തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല | 3-2 |
| 19 | മഴക്കാല പൂർവ്വ ശുചീകരണം-തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല | 3-3 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 |
| 21 | സാമൂഹ്യ സുരക്ഷാപെൻഷൻ- അപാകതകൾ | 3-5 |
| 22 | പൂർത്തിയാക്കിയ മരാമത്തു പ്രവൃത്തികൾക്ക് തുക നൽകാത്തതു സംബന്ധിച്ച് | 3-6 |
| 23 | ഹോമിയോ ഡിസ്പെൻസറി -തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല | 3-7 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 34 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 35 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 36 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 9,67,03,341 | 8,76,16,540 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 4,18,26,256 | 3,49,33,890 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള 5,38,14,809/- രൂപയുടെ വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലന്ന് കാണാം.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 19.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 69,58,137 |
| വരവ് | 4,18,26,256 |
| ആകെ | 4,87,84,393 |
| ചെലവ് | 3,49,33,890 |
| നീക്കിയിരിപ്പ് | 1,38,50,503 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 9603317 | 8163451 | 85 |
| വികസനഫണ്ട് - എസ്.സി.പി. | 2653296 | 1665394 | 63 |
| വികസനഫണ്ട് - ടി.എസ്.പി. | 42582 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 4881561 | 1931809 | 40 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2625231 | 1928938 | 73.4 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5386068 | 3180017 | 59 |
| ലോകബാങ്ക് ധനസഹായം | 2820369 | 10000 | 3 |
| ബി. ഫണ്ട് | 36982035 | 36982035 | 100 |

| | | | |
|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 16932699 (മുന്നിരിപ്പ് രൂ. 1902/-ഉൾപ്പെടെ) | 16930414 | 2285/- (നീക്കിയിരിപ്പ്) |

.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 170 | 60921326 | 78 | 22768242 | - | 92 | 45.88 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 80 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 56,21,074 | 10861000 | 5239926 | + 93% |
| നികുതിയേതര വരവുകൾ | 12,67,167 | 1845899 | 578732 | +46 % |
| മറ്റ് വരവുകൾ | 3,29,426 | 263447 | (-) 65979 | - 20 % |
| ആകെ | 72,17,667 | 12970346 | 5752679 | + 80 % |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 32,640 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 29,68,330 | 352 |
| വിധവാപെൻഷൻ | 84,70,670 | 841 |
| വാർദ്ധക്യകാലപെൻഷൻ | 2,27,17,575 | 2112 |
| വികലാംഗപെൻഷൻ | 23,25,960 | 280 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 4,01,860 | 53 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 30,000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ *1,03,818/-* രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡി & ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ യാതൊരു സംവിധാനവും നിലവിലില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന് രേഖപ്പെടുത്തൽ ഇല്ല.
ഡി & ഒ ലൈസൻസ് ഫീസിനൊപ്പം ഈടാക്കുന്ന തൊഴിൽ നികുതിയല്ലാതെ കൂടുതൽ ജീവനക്കാരുള്ള മിക്ക സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തമായ ധാരണ ഇല്ല എന്ന് മനസ്സിലാക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ നികുതിവരുമാനത്തിലുള്ള ചോർച്ച തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2016-17 ലെ തനതു ഫണ്ട് വൗച്ചറുകൾ വൗച്ചർ നമ്പർ ക്രമപ്രകാരം തുന്നിക്കെട്ടി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/09/2017 | 01.07.17–31.07.17 | 22.09.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/06/2011 മുതൽ 29/06/2011 വരെ | 2006-07 മുതൽ 2010-11 വരെ | 21.07.2011 |

## 1-12 തൊഴിലുറപ്പ് പദ്ധതി -2016-17 വിശദാംശങ്ങൾ

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 3372 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 5564 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1975 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 2261 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 47142 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 24 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 08 |

.

| | | |
|---|---|---|
| 2016-17 സാമ്പത്തിക വർഷം പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | | 259 |
| ചെലവ് വിവരങ്ങൾ | സാധന വില | 211608 |
| | തൊഴിൽ കൂലി | 15748035 |
| | ശമ്പളം/മറ്റ് ചെലവ് | 970771 |
| | ആകെ ചെലവ് | 16930414 |

.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലനടപടികളിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ 01-04-2016 മുതൽ 31-03-2017 വരെയുള്ള കാലയളവിലെ പരസ്യ നികുതി പിരിക്കുന്നതിന് വേണ്ടി 27-04-2016 ൽ നടത്തിയ പുനർ ലേലത്തിൽ ശ്രീ. സുബിൻകുമാർ, വെള്ളായിക്കടത്ത് ഹൗസ്, മേയ്ക്കാലടി, കാലടി.പി.ഒ എന്നയാളാണ് 56,500/- രൂപയ്ക്ക് ലേലം കൊണ്ടത്. ലേലത്തുകയുടെ മൂന്നിൽ ഒന്ന് തുകയായ 19,000/- രൂപ അന്നതന്നെ 11601100404 നം രസീതുപ്രകാരം അടവാക്കിയെങ്കിലും ബാലൻസ് തുക നാളിതുവരെ അടവാക്കിയതായി കാണുന്നില്ല. ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ബാക്കി സംഖ്യ മുഴുവനും അടച്ച് പഞ്ചായത്തുമായി കരാറിലേർപ്പെടണമെന്ന് ലേലനിബന്ധനയിലുള്ളതാണ്. കൂടാതെ ലേലസംഖ്യ അടച്ച് കരാറിലേർപ്പെടാത്തവരുടെ പേരിലുള്ള ലേലം റദ്ദ് ചെയ്ത് അവരുടെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം ചെയ്യുണമെന്നും വ്യവസ്ഥയുണ്ട് (ലേല നോട്ടീസ് ഖണ്ഡിക 3, 6). ലേല തുക ഗഡുക്കളായി അടയ്ക്കുന്നതിന് പഞ്ചായത്ത് തീരുമാനമോ അതിനായി തഹസിൽദാറിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല (ലേല നോട്ടീസ് ഖണ്ഡിക 4). ഇപ്രകാരം കരാറിൽ ഏർപ്പെടാതെയും, ഗഡുക്കളായി അടയ്ക്കുന്നതിന് തഹസിൽദാറിൽ നിന്നും സോൾവൻസി ഹാജരാക്കാതെയും ലേല നടപടികൾ കൈക്കൊണ്ടത് ശരിയായ നടപടിയല്ല.

2. കൊട്ടുവേലിത്തുറയിലെ മത്സ്യബന്ധനാവകാശം 2016-17 വർഷം 8000/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീ. മുജീബ്, മുണ്ടേത്ത് ഹൗസ് കാലടി എന്ന വ്യക്തി ലേലത്തുകയൊന്നും അടവാക്കിയതായി കാണുന്നില്ല. ലേലസംഖ്യ അടച്ച് കരാറിലേർപ്പെടാത്തവരുടെ പേരിലുള്ള ലേലം റദ്ദ് ചെയ്ത് അവരുടെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം ചെയ്യുണമെന്ന ലേല നോട്ടീസ് ഖണ്ഡിക 6 ലെ വ്യവസ്ഥ പ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

ലേലനടപടികളിലെ മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 01/03.10.17). തുകയടക്കാനാവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട കക്ഷികൾക്ക് കത്തയച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ലേല കുടിശിക തുകയായ 45,500/- രൂപ പിഴ പലിശ സഹിതം (8000+56500-19000) ബന്ധപ്പെട്ട കക്ഷികളിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതിപിരിവ്- കാര്യക്ഷമമാക്കണം

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെയുള്ള ചട്ടങ്ങളനുസരിച്ച് സ്വയം തൊഴിൽ ചെയ്യുന്നവരുടെയും സ്ഥാപനങ്ങളുടെയും അർദ്ധ

വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന/വ്യക്തിഗത തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

i) സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ വിദഗ്ധർ.

ii) കരാറുകാർ

iii) ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ

iv) പഞ്ചായത്തിൽ നിന്നും ഡി&ഓ ലൈസൻസ് അനുവദിച്ചിട്ടുള്ള മിക്ക സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡി & ഒ ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ഡി & ഒ അപേക്ഷ പ്രകാരം സ്ഥാപന ത്തിലെ ആകെ ജോലി ക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 02/16-17 | വിജയചന്ദ്ര ബിൽഡിംഗ് പ്രോഡക്ട്സ് | 9 |
| 2 | 03/16-17 | തോപ്പിൽ കോക്കോസ് | 10 |
| 3 | 09/16-17 | എസ്.ബി.പ്ലൈവുഡ്സ് | 20 |
| 4 | 10/16-17 | അഫ്നിത പ്ലൈവുഡ്സ് | 10 |
| 5 | 11/16-17 | കെ.കെ.എ പ്ലൈവുഡ്സ് | 20 |
| 6 | 60/16-17 | ചെറുവള്ളിക്കുടി പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | 8 |
| 7 | 121/16-17 | കരുവാപ്പിള്ളി ടിംബർ ഇൻഡസ്ട്രീസ് | 18 |
| 8 | 129/16-17 | ഉദയം റൈസ് | 7 |
| 9 | 130/16-17 | ഇടത്തല മോഡേൺ റൈസ് മിൽ | 8 |
| 10 | 133/16-17 | പള്ളത്തുകുടി മോഡേൺ റൈസ് മിൽ | 9 |
| 11 | 136/16-17 | വലിയവീട്ടിൽ മോഡേൺ റൈസ് മിൽ | 12 |

2016-17 വർഷത്തിൽ ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ബി) മുതൽ (എഫ്) വരെ, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം

10,13 എന്നിവ പ്രകാരം നോട്ടീസ് മിക്ക സ്ഥാപനങ്ങൾക്കും നൽകിയിട്ടില്ല. നോട്ടീസ് നൽകി നികുതിക്കു വിധേയരായവരിൽ നിന്നും തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്- അപാകതകൾ

1. ശ്രീ. രഞ്ജിത് കുമാർ ,സി.ആർ പ്ലാസ്റ്റിക്സ് (കെട്ടിട നം 11/500ബി) എന്ന വ്യക്തിയുടെ പേരിലുള്ള സ്ഥാപനത്തിന് ഡി & ഓ ലൈസൻസ് അനുവദിച്ചപ്പോൾ (നം 20/16-17) ഡി & ഓ ലൈസൻസ് ചട്ടം 17 ,പട്ടിക III പ്രകാരമുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുപാതികമായുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. 110 H.P. ഉപയോഗിച്ച് പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഈ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ 1000/- രൂപയും , മെഷിനറി ഫീസിനത്തിൽ 500/- രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 2/05.10.17) ബാലൻസ് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈടാക്കേണ്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

.

| സ്ഥാപനം/ യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് | ഈടാക്കേണ്ട മെഷിനറി ഫീസ് | ഈടാക്കിയത് | കുറവ് | ബാലൻസ് ഈടാക്കേണ്ട ആകെ തുക |
|---|---|---|---|---|---|---|---|
| സി.ആർ പ്ലാസ്റ്റിക്സ് (കെട്ടിട നം 11/500ബി) 110 H.P | 2000 | 1000 | 1000 | 1100 | 500 | 600 | 1600 |

2. 2015-16 ൽ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2016-17 വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ പരിശോധനയിൽ കണ്ടില്ല. ഈ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിനു ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ (1 )ലെ സ്ഥാപനം പ്രവർത്തനരഹിതമാണെന്നും മറ്റു രണ്ട് സ്ഥാപനങ്ങൾ 2016-17 വർഷത്തേക്ക് ലൈസൻസ് പുതുക്കിയിട്ടില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

| ക്രമ | 2015-16 ലെ | സ്ഥാപനത്തിന്റെ/വ്യക്തിയുടെ | കെട്ടിട | 2015-16ൽ |
|---|---|---|---|---|

| നം | ലൈസൻസ് നം | പേര് | നം | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | 265 | അനൂപ്കുമാർ ടി.എൻ, ഹോട്ടൽ തറവാട് | 12/335 | 4520 |
| 2 | 274 | ഷൈൻ വർഗീസ്, മാർവെൽ പ്രോഡക്റ്റ്സ് | 1/111 ബി | 3820 |
| 3 | 203 | സജിത് , സ്റ്റാർ ലൈൻ | 12/334 | 4020 |

ഈ രണ്ടു സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശ സഹിതം ലൈസൻസ് ഫീസ് ഈടാക്കേണ്ടതും മേലിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഡി & ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

.

## 2-4 വസ്തുനികുതി നിർണ്ണയം -അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള

കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും, 01.03.2012 തീയതിലെ C3-116/2012നമ്പർ പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 50/-രൂപ പ്രകാരമുള്ള നികുതി നിരക്ക് നൽകുന്നതിന് പകരം 100/-ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| 1 . കെട്ടിട ഉടമസ്ഥൻ - ദേവസ്യ (Assessed – 2014-15) | | | | |
|---|---|---|---|---|
| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.)/Floor | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 30 രൂപാ നിരക്കിൽ) (+20%റോഡ്)& | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) (+20%റോഡ്) | കുറവ് |
| 11/ 375A | 66 GF | 2376 + 119 | 3960 + 198 | 1663 |
| 11/ 375B | 66 GF | 2376 + 119 | 3960 + 198 | 1663 |
| 11/ 375C | 66 GF | 2376 + 119 | 3960 + 198 | 1663 |
| 11/ 375D | 66 GF | 2376 + 119 | 3960 + 198 | 1663 |
| 1/ 375E | 66 GF | 2376 + 119 | 3960 + 198 | 1663 |
| 11/ 375F | 66 GF | 2376 + 119 | 3960 + 198 | 1663 |
| 11/ 375G | 66 GF | 2376 + 119 | 3960 + 198 | 1663 |
| ആകെ കുറവ് | | | | 11641 |

| 2. കെട്ടിട ഉടമസ്ഥൻ - ആന്റുമാൻ (Assessed 2015-16) | | | | |
|---|---|---|---|---|
| X111/ 620G | 15 GF | 540 + 27 | 900+45 | 378 |
| X111/ 620X | 15 GF | 540 + 27 | 900+45 | 378 |
| X111/ 620 I | 15 GF | 540 + 27 | 900+45 | 378 |
| X111/ 620 J | 15 GF | 540 + 27 | 900+45 | 378 |
| X111/ 620 K | 15 GF | 540 + 27 | 900+45 | 378 |

| | | | | |
|---|---|---|---|---|
| X111/ 620L | 15 GF | 540 + 27 | 900+45 | 378 |
| X111/ 620N | 15 GF | 540 + 27 | 900+45 | 378 |
| X111/ 620 O | 15 GF | 540 + 27 | 900+45 | 378 |
| X111/ 620P | 15 GF | 540 + 27 | 900+45 | 378 |
| X111/ 620Q | 15 GF | 540 + 27 | 900+45 | 378 |
| X111/ 620R | 15 GF | 540 + 27 | 900+45 | 378 |
| X111/ 620S | 15 GF | 540 + 27 | 900+45 | 378 |
| X111/ 620T | 15 GF | 540 + 27 | 900+45 | 378 |
| X111/ 620U | 15 GF | 540 + 27 | 900+45 | 378 |
| X111/ 620V | 15 GF | 540 + 27 | 900+45 | 378 |
| X111/ 620W | 15 GF | 540 + 27 | 900+45 | 378 |
| X111/ 620X | 15 GF | 540 + 27 | 900+45 | 378 |
| ആകെ കുറവ് | | | | 6426 |

| 3. കെട്ടിട ഉടമസ്ഥൻ - സരള ദേവി (Assessed 2015-16) | | | | |
|---|---|---|---|---|
| XIV/ 229 A | 25 GF | 900+ 45 | 1500 + 75 | 630 |
| XIV/ 229 B | 25 GF | 900+ 45 | 1500 + 75 | 630 |
| XIV/ 229 C | 25 GF | 900+ 45 | 1500 + 75 | 630 |
| XIV/ 229 D | 25 GF | 900+ 45 | 1500 + 75 | 630 |
| XIV/ 229 E | 25 GF | 900+ 45 | 1500 + 75 | 630 |
| XIV/ 229 F | 25 GF | 900+ 45 | 1500 + 75 | 630 |
| XIV/ 229 G | 25 GF | 900+ 45 | 1500 + 75 | 630 |
| ആകെ കുറവ് | | | | 4410 |

| 4. കെട്ടിട ഉടമസ്ഥൻ - ബാബു പി ആർ (Assessed 2016-17) | | | | |
|---|---|---|---|---|
| X/324 A | 99.17GF | 3571 +179 | 5951 +298 | 2499 |
| X/324 B | 78.17GF | 2675+ 134 | 4691 + 235 | 2117 |
| X/324 C | 21 GF | 719 + 36 | 1050 + 53 | 348 |
| ആകെ കുറവ് | | | | 4964 |

| നഷ്ടത്തിന്റെ സംഗ്രഹം (പ്രതിവർഷം) | |
|---|---|
| കെട്ടിട ഉടമസ്ഥന്റെ പേര് | തുക |
| ദേവസ്യ | 11641 |
| ആന്ത്രുമാൻ | 6426 |
| സരള ദേവി | 4410 |
| ബാബു പി ആർ | 4964 |
| ആകെ നഷ്ടം (2016-17 ലെ മാത്രം) | 27441 |

കുറവു വന്ന നികുതി തുക കുടിശ്ശിക സഹിതം ഈടാക്കി ഓഫീസിൽ അറിയിക്കേണ്ടതാണ് (2016-17 ലെ മാത്രം നഷ്ടം 27441/-)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ ടാങ്ക് വിതരണം (എസ്.സി)-പദ്ധതി അപാകതകൾ

പ്രോജക്ട് നം- 107/17

(വാട്ടർ ടാങ്ക് വിതരണം ,എസ്.സി)

നിർവഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

അടങ്കൽ തുക: 25200രൂപ(18000 രൂപസബ്സിഡി,7200രൂപഗുണഭോക്തൃ വിഹിതം)

ചെലവ്: 18000രൂപ

ബിൽ നം 14/16-17,31-3-17(എസ്.സി.പി)

ഗ്രാമസഭ ലിസ്റ്റിൽ നിന്നും മുൻഗണന ക്രമത്തിൽ തെരഞ്ഞെടുത്ത12 ഗുണഭോക്താക്കൾക്കായി സബ്സിഡിയിനത്തിൻ 18000 രൂപ വകയിരുത്തിയ ടി പ്രോജക്ടിനായി വാട്ടർ ടാങ്ക് വിതരണം ചെയ്യാൻ ക്ഷണിച്ച ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (500ltr വാട്ടർ ടാങ്ക് ഒന്നിന് 2100 രൂപ (1500 രൂപ സബ്സിഡി +600 രൂപ ഗുണഭോക്തൃ വിഹിതം)) ബിസ്മി പ്ലാസ്റ്റിക് കമ്പനി ഒക്കലിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും വാട്ടർ ടാങ്ക് വിതരണം ചെയ്യാൻ 12 വാട്ടർ ടാങ്കിന്റെ സബ്സിഡി തുകയായ 18000 രൂപ (12x1500) നല്കുകയും ചെയ്തു. ടി പ്രോജക്ട് ഫയൽ പരിശോധനയിൽ 7 ഗുണഭോക്താക്കൾ മാത്രമേ ടി പദ്ധതിയിലേക്ക് അപേക്ഷ നല്കിയും ഗുണഭോക്തൃ വിഹിതം അടവാക്കിയും വാട്ടർ ടാങ്ക് വാങ്ങിയിട്ടുള്ളൂ എന്ന് ബോധ്യപ്പെട്ടു. ഗുണഭോക്തൃവിഹിതം അടവാക്കിയ 7 ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 10500 രൂപ ബിസ്മി പ്ലാസ്റ്റിക് കമ്പനി ഒക്കലിന് നല്കുന്നതിന് പകരം 12 ഗുണഭോക്താക്കളുടെ സബ്സിഡി തുകയും (18000 രൂപ) ബിസ്മി പ്ലാസ്റ്റിക് കമ്പനി ഒക്കലിന് നല്കി. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി വിഷയം സംബന്ധിച്ച് 7-10-17 ൽ നല്കിയ എൻക്വയറി നം 8ന് നല്കിയ മറുപടിയിൽ "12 ഗുണഭോക്താക്കളും എത്തിച്ചേരുമെന്ന പ്രതീക്ഷയിലും പട്ടികജാതി ഫണ്ട് എത്രയും വേഗം ചെലവഴിക്കണമെന്ന ഉദ്ദേശ്യത്തോടെയുമാണ് സബ്സിഡി നല്കിയത് എന്നും എന്നാൽ മാർച്ച് 31 വരെ 7 ഗുണഭോക്താക്കൾ മാത്രമാണ് എത്തിച്ചേർന്നത് എന്നും അറിയിച്ചു. ബാക്കിയുള്ള 5 പേരുടെ ലിസ്റ്റ് സ്പിൽ ഓവറായി നടപ്പാക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ട് " എന്നുമുള്ള ടി മറുപടി അംഗീകരിക്കത്തക്കതല്ല. കാരണം വാട്ടർ ടാങ്കിനായി അപേക്ഷ പോലും നല്കാത്ത ഗുണഭോക്താക്കളുടെ സബ്സിഡി മുൻകൂറായി നല്കിയത് സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ ബിസ്മി പ്ലാസ്റ്റിക് കമ്പനി ഒക്കലിന് അധികം നല്കിയ 7500 രൂപ (18000-10500) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക സ്ഥാപനത്തിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 സാക്ഷരതാ പ്രേരക്കിന് ഓണറേറിയം- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല.

ഒക്കൽ ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്ന് ഓണറേറിയം ഇനത്തിൽ 21851 രൂപ (വൗച്ചർ നം 21600894/16-3-17,ചെക്ക് നം 09213 /16-3-17)സാക്ഷരതാ പ്രേരക് ശ്രീമതി മഞ്ജു ജോമിക്ക് ഓണറേറിയം ഇനത്തിൽ നല്കി കാണുന്നു .ടി തുക സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മഴക്കാലപൂർവ്വ ശുചീകരണത്തിനായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക ലഭിച്ചില്ല

23-5-14 ലെ സ.ഉ (സാധാ) നം 1724/16 ത .സ്വ ഭ വ പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിനായി ശുചിത്വമിഷനിൽ നിന്നും യഥാസമയം ഫണ്ട് ലഭിച്ചില്ലായെങ്കിൽ ആയതിന് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാം ആയത് അനുസരിച്ച് ടി പഞ്ചായത്തിലെ 16 വാർഡുക്കൾക്കായി 10000രൂപ വീതം ആകെ 160000 രൂപ ചെലവഴിച്ച (വൌച്ചർ നം 21600197, 18-6-16 ചെക്ക് നം 00262, 18-6-16) ടി തുക ശുചിത്വമിഷനിൽ നിന്നും നാളിതുവരെ തിരികെ ലഭിച്ചില്ല . ടി തുക ശുചിത്വമിഷനിൽ നിന്നും തിരികെ വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കിയില്ല -തടസ്സം 24,48,820 രൂപ

താഴെ പറയുന്ന ചെലവുകളുടെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കിയില്ല .വിശദാംശം:-

| പദ്ധതി നമ്പർ ,പേര്,ബിൽ | ചെലവഴിച്ച തുക/ഫണ്ടിനം | വിനിയോഗ |
|---|---|---|

| നം,നിർവഹണഉദ്യോഗസ്ഥൻ | | സാക്ഷ്യപത്രം നല്കേണ്ടയാൾ |
|---|---|---|
| 121/17, ഭവനനിർമ്മാണ വിഹിതം നല്കൽ,28/16-17/24-3-17,വി.ഇ.ഒ | 220000,,ധനകാര്യകമ്മീഷൻ | കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ |
| പ്രോജക്ട് നം 179/17( ഐ.എ.വൈ അധികവിഹിതം നല്കൽ,2015-16)150000 രൂപ ( ബിൽ നം 1/16-17,4-3-17 അസി.സെക്രട്ടറി | 150000, എസ്.സി.പി | കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ |
| 85/17,എസ്.എസ്.എ വിഹിതം അടവാക്കൽ, 1/16-17,28-2-17എച്ച്.എം ജി.എൽ,പി.എസ്,ഒക്കൽ | 560370, പൊതുവിഭാഗം | ജില്ലാപ്രോജക്ട് ഓഫീസർ |
| 191/17 ( ഐ.എ.വൈ അധികവിഹിതം നല്കൽ,2014-15 ) 7/16-17,30-3-17,അസി.സെക്രട്ടറി | 75000രൂപ, എസ്.സി.പി | കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ |
| 183/17,വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ, 2160126/30.03.17, സെക്രട്ടറി | 593450/- രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റ് | കെ.എസ്.ഇ.ബി |
| 182/17, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ 21600917/18.03.17, സെക്രട്ടറി | 850000/- വികസനഫണ്ട് | കേരള വാട്ടർ അതോറിറ്റി |
| ആകെ | 24,48,820 രൂപ | |

മേൽ പറഞ്ഞ ചെലവുകളുടെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

ഒക്കൽ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിൽ താഴെപ്പറയുന്ന തരത്തിൽ അപാകതകൾ കാണുന്നു.

1) ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ നല്കുമ്പോൾ ഗുണഭോക്താവ് മരണപ്പെട്ടാൽ മോണിറ്റർ ചെയ്യുന്നതിന് നിലവിൽ സംവിധാനം ഇല്ല. പ്രതിമാസ പെൻഷൻ അക്കൗണ്ടിൽ വരുകയും ഗുണഭോക്താവ് മരണപ്പെട്ടാൽ തുക അക്കൗണ്ടിൽ ഉപയോഗമില്ലാതെ കിടക്കുകയും ചെയ്യുന്നു. മരണപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന സോഫ്റ്റ്വെയറിൽ യഥാസമയം ചേർക്കാത്തതിനാൽ പെൻഷൻ അക്കൗണ്ടിൽ വരുകയും വിതരണം നടത്താതെ കിടക്കുകയും ചെയ്യുന്നു. സേവന സോഫ്റ്റ്വെയറിൽ ഈ ഗുണഭോക്താക്കളുടെ സ്റ്റാറ്റസ് ഇപ്പോഴും ആക്റ്റീവാണ്.

| ക്രമ നം | പെൻഷനർ ഐ.ഡി. | പേര് |
|---|---|---|
| 1 | 106480100044 | മറിയം ഔസേഫ് |
| 2 | 106480100121 | ജാനകി |
| 3 | 106480100134 | ടി.പി.വർഗീസ് |
| 4 | 106480100154 | സി,എസ് അന്തോണി |

2എൽ.എസ്.ജി.ഡി സേവന സൈറ്റ് പരിശോധിച്ചതിൽ ഡി.ബി.ടി വഴി നല്കുന്ന പെൻഷൻ വിവിധ കാരണങ്ങളാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റാവാതെ കിടക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനർ ഐ.ഡി. | പേര് | സേവന സൈറ്റിൽ കൊടുത്തിരിക്കുന്ന കാരണം |
|---|---|---|---|
| 1 | 106480400308 | സാംസൺ. കെ.ടി | തെറ്റായ അക്കൗണ്ട് നമ്പർ |
| 2 | 106480100305 | പി,പി,പൈലി | അസാധുവായ അക്കൗണ്ട് നമ്പർ |
| 3 | 106480100104 | ഭവാനി കുമാരൻ | |
| 4 | 106480400001 | ബീരാൻകുട്ടി | |

അപാകതകൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് പെൻഷൻ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഡി.ബി.ടി സെല്ലിന്റെ പരാതി രജിസ്റ്റർ ചെയ്യുന്ന സെക്ഷൻ ഒട്ടും പ്രവർത്തനക്ഷമമല്ല. ആയത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താവുന്നതാണ്.

## 3-6 പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് തുക നൽകാത്തത്

തൻവർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ആകെ അടങ്കൽ തുക സ്പിൽ ഓവർ ഉൾപ്പടെ 3,58,77,131/- രൂപയാണ്. ഇതിൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ തുക 2,13,08,211/-രൂപയാണ്. ആകെ തനത് വിഹിതത്തിൽ 2,10,78,498/- രൂപയുടെ പ്രൊജക്ട് സ്പിൽ ഓവർ ആണ്. ഇതിൽ എല്ലാം 2013-14, 2014-15 വർഷത്തെ സ്പിൽ ഓവർ പ്രൊജക്ട് ആണ്. ഈ പ്രവൃത്തികൾ എല്ലാം 2013-14 വർഷം തന്നെ പൂർത്തിയാക്കിയിട്ടുള്ളതാണ്. ഇപ്രകാരം തനത് ഫണ്ട് ഉപയോഗിച്ച് 2013-14, 2014-15 വർഷം പൂർത്തിയായ പ്രവൃത്തികൾക്ക് 2016-17 വർഷം 41,84,927/- രൂപയും 2017-18 വർഷം നാളിതുവരെ (9/2017 വരെ) 54,30,109/- രൂപയും നല്കിയിട്ടുണ്ട്. ഇനിയും 1,14,63,462/- നൽകാനുണ്ട്.

2013-14 വർഷം പൂർത്തിയായ പ്രവൃത്തികൾക്ക് ഇതുവരെ തുക നൽകാത്തതിന്റെ കാരണം വ്യക്തമല്ല. മാത്രമല്ല പല പ്രവൃത്തികൾക്കും പിന്നീട് മെയിന്റനൻസ് ചെയ്തതിനാൽ 2013-14 വർഷം പൂർത്തിയായ പ്രവൃത്തികൾ നേരിൽ പോയി പരിശോധിക്കാനും സാധ്യമല്ല. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ മണൽ വിൽപനയിൽ നിന്നുള്ള വരുമാനം കണക്കാക്കിയാണ് - പ്രവൃത്തി ചെയ്തത് എന്നും എന്നാൽ മണൽ വാരൽ നിരോധിച്ച കാരണം തനത് ഫണ്ട് ലഭ്യത കുറഞ്ഞതു കൊണ്ടാണ് തുക നൽകാതിരുന്നത് എന്നുമാണ്. ആവശ്യമായ പണലഭ്യത ഉറപ്പാക്കാതെ പദ്ധതി തയ്യാറാക്കിയതിനാലാണ് ഇപ്രകാരം സംഭവിച്ചത്. കരാറു പ്രകാരമുള്ള തുക അടിയന്തിരമായി കൊടുത്തു തീർക്കേണ്ടതാണ്.

.

## 3-7 ഹോമിയോ ഡിസ്പെൻസറി തുക ഒടുക്കിയിട്ടും മരുന്ന് ലഭ്യമായില്ല

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 2016-17 ൽ പ്രോജക്റ്റ് നം 108/17 പ്രകാരം 2,00,000/- രൂപ വകയിരുത്തിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ ഹോമിയോ മെഡിക്കൽ ഓഫീസർ അനുവദിക്കപ്പെട്ട തുക പിൻവലിച്ച് 26.12.16 ൽ ഡി.ഡി.നം. 199519/26.12.16 പ്രകാരം 2,00,000 രൂപ ഹോംകോർപ്പിന് (കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ) നൽകി. എന്നാൽ നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല. മരുന്നിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 90,000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 81270 | 8280 |
| ബ്ലോക്ക് പഞ്ചായത്ത് കുവപ്പടി | 250000 | ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് | 250000 | 0 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് | | |
| | 139500 | പാലിന്റെ സബ്സീഡി | 139500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2016-17 ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21601063/ | 850000 | 850000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | 21601026/ | 593450 | 593450 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | GO(Rt) No. 960/10/lsgd തീ. 20/3/2010 | 69,00,000 | 9,58,434 | 4,91,327 | 0 | 4,67,107 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,18,26,256 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,49,33,890 |
| വരവിനങ്ങളിലുള്ള നഷ്ടം | 74,541 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,48,820 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവു നഷ്ടം | ചെലവു നഷ്ടം | |
| 2-1 | 45,500 | | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 2-3 | 1,600 | | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 2-4 | 27,441 | | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 3-1 | | 7,500 | ശ്രീ. ടി.ജി. മധുസൂധനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 74541 | 7,500 | |

.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | (1) | 2,20,000 | വി.ഇ.ഒ |
| | (2) | 2,25,000 | ശ്രീ. ടി.ജി. മധുസൂധനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| | (3) | 14,43,450 | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| | (4) | 5,60,370 | ശ്രീ.കെ അലിയാർ, ഹെഡ്മാസ്റ്റർ |
| ആകെ | | 24,48,820 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി | സെക്രട്ടറി<br>ആളൂർ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ | യു. അബ്ദുൾ ഹക്കീം,സുഹൈൽ മൻസിൽ<br>വടക്കഞ്ചേരി. പി.ഒ<br>പാലക്കാട്.പി.ഒ |
| ശ്രീ. ടി.ജി. മധുസൂധനൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>ഒക്കൽ ഗ്രാമ പഞ്ചായത്ത് | ടി.ജി. മധുസൂധനൻ<br>ശ്രീനിലയം വീട്<br>ഒക്കൽ പി.ഒ-683550 |

.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ എഫ് ഇ (പി2)/59/07<br>തീയതി:09.02.2007/17.04.2007 |
| 2001-02 | എൽ എഫ് ഇ (പി2) /60/07<br>തീയതി: 9.02.2007/02.07.2007 |
| 2002-03 | എൽ എഫ് ഇ (പി2)/133/10<br>തീയതി:23.12.2010/03.05.2011 |
| 2003-04 | എൽ എഫ് ഇ (പി2) /134/10<br>തീയതി:23.12.2010/03.05.2011 |

| | |
|---|---|
| 2004-05 | എൽ എഫ് ഇ (പി2) /135/10<br>തീയതി:23.12.2010/03.05.2011 |
| 2005-06 | എൽ എഫ് ഇ (പി2) /136/10/<br>തീയതി:23.12.2010/03.05.2011 |
| 2006-07 | എൽ എഫ് ഇ (പി2) /137/10<br>തീയതി:23.12.2010/03.05.2011 |
| 2007-08 | എൽ എഫ് ഇ (പി2) /943/11<br>തീയതി:09.03.2012/16.04.2012 |
| 2008-09 | എൽ എഫ് ഇ (പി2) 944/11<br>തീയതി:09.03.2012/16.04.2012 |
| 2009-10 | എൽ എഫ് ഇ (പി2) 1845/11<br>തീയതി:21.10.2011/10.11.2011 |
| 2010-11 | എൽ എഫ് ഇ (പി2)1846/11<br>തീയതി:21.10.2011/10.11.2011 |
| 2011-12 & 2012-13 | എൽ എഫ് ഇ (പി2) 1339/2014<br>തീയതി: 08.01.2015 |
| 2013 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി2) 2023/2015<br>തീയതി: 08.01.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി2) 1989/2016<br>തീയതി: 07.12.2016 |

.

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇ.കെ.എം(പി2)1922/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271

email:doekm.ksad@kerala.gov.in

തീയതി : 22.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എറണാകുളം

.

# APPENDIX – I

# AUDIT CERTIFICATE – 2016-17

No.KSAEKM(P.2)1922/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 22.11.2017

Certified that I have audited the Annual Financial Statement of Okkal Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Okkal Gramapanchayat for the year 2016-17 properly presents the picture of income and expenditure.

.

Deputy Director

Kerala State Audit Department, Ernakulam